<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പന്ത്രണ്ടാം സമ്മേളനം</u>

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300 | 12.12.2014 -ൽ മറുപടിയ്ക്ക് |
|---|---|
| നിർഭയ ഷെൽട്ടറുകൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.ആർ . സെൽവരാജ്<br>,, സി.പി.മുഹമ്മദ്<br>,, അൻവർ സാദത്ത്<br>,, വർക്കല കഹാർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ 9 ജില്ലകളിലായി 10 ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ഹോമുകളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ലൈംഗിക പീഡനത്തിന് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള കുട്ടികളെയും സ്ത്രീകളെയും ആണ് നിർഭയ ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് തിരിച്ചുകൊണ്ടു വരുവാനും വിദ്യാഭ്യാസത്തിനും തൊഴിൽപരിശീലനത്തിനും ഷെൽട്ടർ ഹോമിൽ അവസരം ഒരുക്കുന്നു. പീഡിതയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും, കാര്യക്ഷമമായ പ്രോസിക്യൂഷനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽട്ടർ ഹോം പ്രവർത്തിക്കുന്നത്. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>കേരള മഹിളാ സമഖ്യ സൊസൈറ്റി - തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്,മലപ്പുറം കാസർഗോഡ്<br><br>അന്വേഷി വിമൻസ് കൗൺസിലിംഗ്സെന്റർ - കോഴിക്കോട്<br>കൾച്ചറൽ അക്കാദമി ഫോർ പീസ് - എറണാകുളം<br>ബദേസ്ത ചാരിറ്റബിൾ ട്രസ്റ്റ് - തൃശ്ശൂർ |

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) പദ്ധതി നടത്തിപ്പിനായി 9 ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്.<br>10 ഷെൽട്ടർ ഹോമുകളിലേയ്ക്കും മതിയായ ജീവനക്കാരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഷെൽട്ടർ ഹോം ജീവനക്കാർക്ക് 4 ഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ